ഇട്ട്യാതിയുടെ നട്ടെല്ലിന്" ഒരു വളവുണ്ടായിരുന്നു. പിറവിയിലേ ഉള്ളതാണ്". വളവ്" എന്നല്ല,കുനിവ്" എന്നാണ്" പറയേണ്ടത്". അവന്" ഇടത്തുവശത്തേക്ക്" ചരിഞ്ഞേ നടക്കാൻ കഴിയൂ. പാവം! ഈ വസ്തുത അറിഞ്ഞുകൂടാത്തവർ അവനെ കുറ്റപ്പെടുത്തി. ചന്തയ്ക്കുപോകുമ്പോൾ ഒരു വഴിയിൽ ഇടതുവശത്തു താമസിക്കുന്നവരോട്" വളരെ അടുപ്പം കാണിക്കുമെന്നും, മടങ്ങിവരുമ്പോൾ അവരുടെ നേർക്ക്" പുച്ഛഭാവത്തോടെ തെളിഞ്ഞു നടക്കുമെന്നും ആളുകൾ പറഞ്ഞു. സാധുവായ ഇട്ട്യാതിക്ക്" ചന്തയിൽ പോകാതെ ജീവിക്കുവാൻ സാധ്യമല്ലാതിരുന്നതുകൊണ്ട്" അവന്റെ നട്ടെല്ലിലുള്ള ഈ വൈകല്യം ഒരു നാട്ടുചൊല്ലായിത്തീർന്നു—"ഇട്ട്യാതിയുടെ ഇഷ്ടക്കേടുപോലെ" എന്ന്"! അങ്ങോട്ടുപോകുമ്പോൾ ഇഷ്ടവും മടങ്ങിവരുമ്പോൾ ഇഷ്ടക്കേടും!

# ഇട്ട്യാതിയും ഇടവപ്പാതിയും

ഡോ. കെ. ഭാസ്കരൻ നായർ

നമ്മുടെ ഭൂമിയും ഇട്ട്യാതിയെപ്പോലെയാണ്". അതിന്റെ അച്ചുതണ്ടിനും ഒരു ചരിവുണ്ട്"-ലംബത്തിൽ നിന്ന്" 23.5 ഡിഗ്രി. അതു മൂലം സൂര്യനെചുറ്റും പ്രദക്ഷിണം ചെയ്യുമ്പോൾ അതിന്റെ ചലനത്തിലും "ഇട്ട്യാതിയുടെ ഇഷ്ടക്കേട്" ഉണ്ടാകുന്നു. ഒരു വശത്തുവരുമ്പോൾ ഉത്തരധ്രുവം സൂര്യനോട്" അടുത്തു നില്ക്കുകയും എതിർവശത്ത്" എത്തുമ്പോൾ അകലുകയും ചെയ്യുന്നു. ഇക്കാരണത്താലാണ്" ഋതുഭേദങ്ങൾ ഉണ്ടാകുന്നത്". സൂര്യന്റെ നേർക്ക്" ചരിഞ്ഞുനില്ക്കുന്ന ഭാഗത്ത്" കൂടുതൽ ചൂടുണ്ടാകുമെന്ന്" സ്പഷ്ടമാണല്ലോ. അപ്പോൾ അവിടെ വേനല്ക്കാലം അനുഭവപ്പെടുന്നു. പ്രദക്ഷിണം ചെയ്ത്" എതിർവശത്തെത്തുമ്പോൾ മറിച്ചാണ്" അനുഭവം. ഉത്തരധ്രുവം അകന്നു നില്ക്കേണ്ടിവരുന്നതുകൊണ്ട്" മുൻപ്" വേനലായിരുന്ന സ്ഥലങ്ങളിലെല്ലാം തണുപ്പേറിയ മഞ്ഞുകാലം ഉണ്ടാകുന്നു. അവിടെ സൂര്യരശ്മികൾ കുറഞ്ഞ അളവിലേ എത്തുകയുള്ളൂ എന്നതാണ്" കാരണം.

ഭൂമി ഇട്ട്യാതിയെപ്പോലെ ഉറച്ചതായിൽ രണ്ടുകാലയിൽ നടക്കാത്തതുകൊണ്ടും, അച്ചുതണ്ടിൽ കറങ്ങുന്നതുകൊണ്ടും, ഉത്തരധ്രുവത്തിനുണ്ടാകുന്ന അളവിലുള്ള അടുപ്പവും അകല്ച്ചയും ദക്ഷിണധ്രുവത്തിനും ഉണ്ടാകുന്നുണ്ട്". എതിർ സമയങ്ങളിലാണെന്ന വ്യത്യാസമേയുള്ളൂ. ഉത്തരധ്രുവം സൂര്യന്റെ നേർക്ക്" അടുത്തുനില്ക്കുമ്പോൾ ദക്ഷിണധ്രുവം അകന്നുനില്ക്കുന്നു. മറുവശത്തു ചെല്ലുമ്പോൾ നേരെതിരിച്ചും.

ഇങ്ങനെ ഭൂമിയുടെ അച്ചുതണ്ടിന്റെ ചരിവു മൂലം ഉണ്ടാകുന്ന കാലാവസ്ഥാ ഭേദങ്ങൾ, അഥവാ ഋതുക്കൾ ആകെ നാലെണ്ണമേയുള്ളൂ. അവയ്ക്ക്" മുറക്രമത്തിൽ ഗ്രീഷ്മം (വേനൽ), ശരത്ത്" (ഇലപൊഴിയും കാലം), ഹേമന്തം (മഞ്ഞുകാലം), വസന്തം (പൂക്കാലം) എന്നപേർ പറയുന്നു. ഭൂമി ഒരു ഗോളമായതുകൊണ്ട്" ഈ കാലാവസ്ഥകൾ അതിന്റെ ഓരോപകുതിയിലും വ്യത്യസ്തമായ സമയത്താണ്" അനുഭവപ്പെടുന്നത്". ഉത്തരാർദ്ധഗോളത്തിൽ വേനൽക്കാലം വരുമ്പോൾ ദക്ഷിണാർദ്ധഗോളത്തിൽ മഞ്ഞുകാലമായിരിക്കും. അതുപോലെ മറ്റ്" ഋതുക്കളും വ്യത്യാസപ്പെടുന്നു. ഓരോ ഋതുവും മൂന്നുമാസം നീണ്ടുനില്ക്കുന്നു. ഇവയുടെ സ്ഥിതിവിവരം നമുക്ക്" ഒരു പട്ടികയായി എഴുതാം:—

| ഋതു | ഉത്തരാർദ്ധഗോളത്തിൽ | ദക്ഷിണാർദ്ധഗോളത്തിൽ |
|---|---|---|
| ഗ്രീഷ്മം | ജൂൺ, ജൂലായ്", ആഗസ്റ്റ്" | ഡിസംബർ, ജനുവരി, ഫെബ്രുവരി |
| ശരത്ത്" | സെപ്റ്റംബർ, ഒക്ടോബർ, നവംബർ | മാർച്ച്", ഏപ്രിൽ, മെയ്" |
| ഹേമന്തം | ഡിസംബർ, ജനുവരി, ഫെബ്രുവരി | ജൂൺ, ജൂലായ്", ആഗസ്റ്റ്" |
| വസന്തം | മാർച്ച്", ഏപ്രിൽ, മെയ്" | സെപ്റ്റംബർ, ഒക്ടോബർ, നവംബർ |

ഇന്ത്യ ഉത്തരാർദ്ധഗോളത്തിൽപെട്ട ഒരു ഭൂവിഭാഗമായതുകൊണ്ട്" ഇവിടെയും പട്ടികയിൽ രണ്ടാം പംക്തിയിൽ പറഞ്ഞിരിക്കുന്ന മാസങ്ങളിലാണ്" നാല്" ഋതുക്കളും ഉണ്ടാകുന്നത്". വടക്കേഇന്ത്യയിൽ ഒരു വർഷം ജീവിച്ചാൽ ഇത്" ശരിയാ




Digitized by Kerala Sahitya Akademi

...ന്ന് നമുക്ക് ബോദ്ധ്യമാകും. പക്ഷേ കേരളീയരായ നമുക്ക് കാലാവസ്ഥയുടെ ഈ പരിക്രമം അത്ര കൃത്യമായി അനുഭവപ്പെടുന്നില്ല. അതിന്റെകാരണം നമുക്ക് ആണ്ടിൽ രണ്ടുപ്രാവശ്യം വലിയ അളവിൽ കിട്ടുന്ന കാലവർഷമാണ്. ഉത്തരാർദ്ധ ഗോളത്തിലെ ഉഷ്ണ മേഖലയിലെ ഭൂവിഭാഗങ്ങളിലാണ് രണ്ടുംമൂന്നും മാസങ്ങളോളം നീണ്ടുനിൽക്കുന്ന ഈ വർഷപാതം ഉണ്ടാകുന്നത്. മഴക്കാലം എന്നത് ഒരു ഋതുവല്ല. ഇടവ

**കൃപാതിരേകം**

മുടങ്ങാതെ വരുന്ന ഈ കാലവർഷങ്ങളുടെ ഉത്ഭവ രഹസ്യങ്ങളും സ്വഭാവങ്ങളും ഇനിയും പൂർണ്ണമായി മനസ്സിലായിട്ടില്ല. ഏഷ്യാ വൻകരയുടെ തെക്കും തെക്കുകിഴക്കും ഭാഗങ്ങളെയാണ് അവ അഭിഷേകം ചെയ്യുന്നത്. സർവ്വലോകത്തിന്റെ കൃപാതിരേകം പോലെയുള്ള ഈ വർഷപാതം ഇല്ലായിരുന്നെങ്കിൽ ഈ പ്രദേശങ്ങൾ എന്നേ മരുഭൂമികളായി മാറിപ്പോകുമായിരുന്നു.




**കാലവർഷ പ്രദേശങ്ങളാണ് കുത്തിട്ടു കാണിച്ചിരിക്കുന്നത്.**

പ്പാതി എന്ന നാം വിളിക്കുന്ന തെക്കുപടിഞ്ഞാറൻ കാലവർഷം, യഥാർത്ഥത്തിൽ വേനൽക്കാലം എന്ന ഋതുവിന്റെ നടുവിൽ തുടർച്ചയായി പെയ്യുന്ന കൊടുമഴയാണ്. തുലാവർഷം, അഥവാ വടക്കുകിഴക്കൻ കാലവർഷം ശരൽക്കാലത്തും പെയ്യുന്നു. ആദ്യം ഉപയോഗിച്ച അലങ്കാര ഭാഷയിൽ പറഞ്ഞാൽ, ഇന്ദ്രന്റെ ഇച്ഛയും ഇംഗിതവും കൊണ്ടല്ല ഇടവപ്പാതിയും തുലാവർഷവും ഉണ്ടാകുന്നത് എന്നു ചുരുക്കം.


ശ്യാമളത്തെ പച്ചപ്പുനിറയ്ക്കുന്ന കാടുകളും അതിവിശാലമായ കൃഷിനിലങ്ങളും കൊണ്ട് ഈ രാജ്യങ്ങൾ അനുഗ്രഹീതമാണ്. ഇവിടെ മനുഷ്യവാസം തുടങ്ങിയിട്ട് എത്രയോ ആയിരം വർഷങ്ങളായി. മഹാസാമ്രാജ്യങ്ങളുടെ ഈറ്റില്ലമാണ് ഈ പ്രദേശങ്ങൾ. പക്ഷേ ഇന്നിപ്പോൾ ജനപ്പെരുപ്പം മൂലമുണ്ടാകുന്ന ക്ഷാമസങ്കടത്തെ മറികടക്കുന്നതിനുവേണ്ടി കാടുകളെല്ലാം വെട്ടിത്തെളിക്കുന്നു. കൃഷി



Digitized by Kerala Sahitya Akademi

മുട്ടയിടുന്ന താറാവിനെ കീറിനോക്കുന്നതുപോലെ, കൃഷിഭൂമിയുടെ ഫലപുഷ്ടി വർദ്ധിപ്പിക്കുന്നതിനായി രാസവളങ്ങൾ പ്രയോഗിക്കുന്നു. ഇതിന്റെ ദൂഷ്യങ്ങൾ എന്തൊക്കെയാണെന്ന് പ്രവചിക്കുവാൻ സാധ്യമല്ല. കാടുകളുടെ ആവരണമില്ലെങ്കിൽ ഭൂമിയുടെ ഈർപ്പം നശിക്കും. മണ്ണൊലിപ്പുണ്ടാകും. മഴവെള്ളം മണ്ണിനടിയിലേക്ക് ഇറങ്ങാതെ മുകൾ നിരപ്പിലൂടെ ഒഴുകിപ്പോകുന്ന് വെള്ളപ്പൊക്കമുണ്ടാകും. അതു കഴിഞ്ഞാൽ ഭയാനകമായ വരൾച്ച ബാധിക്കും. ഈ ആപത്തുകളെ തടയുന്നതിനുവേണ്ടി മനുഷ്യൻതന്നെ മുൻകൈ എടുക്കണം. പ്രകൃതിയെ പഴിപറഞ്ഞതുകൊണ്ട് ഒരു പ്രയോജനവുമില്ല.

നാനൂറുവർഷം മുമ്പ് കേരളത്തിൽ നിന്ന് കുരുമുളക് വാങ്ങുവാൻ വന്ന വിദേശികളിൽ ചിലർ മടങ്ങിപ്പോകുമ്പോൾ കെട്ടുകെട്ടായി മുളകുവള്ളികളും കപ്പലിൽ കയറ്റുന്നതുകണ്ട നാട്ടുകാർ തങ്ങളുടെ രാജാവിനോട് പരാതിപറഞ്ഞു: ''അവർ സ്വന്തം രാജ്യത്ത് കുരുമുളക് കൃഷിചെയ്യുവാൻ പോവുകയാണ്. നമ്മുടെ ആദായമാർഗ്ഗം അടഞ്ഞുപോകും.'' രാജാവ് ഇതുകേട്ട് ചിരിച്ചുകൊണ്ട് ഇങ്ങനെ മറുപടിപറഞ്ഞു: ''അവർ കൊടിത്തലയല്ലേ കൊണ്ടുപോയത്? തിരുവാതിര ഞാറ്റുവേലകൊണ്ടുപോയില്ലല്ലോ! ഭയപ്പെടേണ്ട.'' ഇടവപ്പാതിക്ക് ഏറ്റവും കൂടുതൽ മഴ അടച്ചുപിടിച്ചുപെയ്യുന്ന സമയമാണ് തിരുവാതിരഞാറ്റുവേല. അങ്ങനെ മഴകിട്ടുന്ന ദിക്കിൽ മാത്രമേ കുരുമുളകുകൃഷി സാധ്യമാവുകയുള്ളു എന്നാണ് രാജാവിന്റെ മറുപടിയുടെ അർത്ഥം. മഴക്കാലം, ഗ്രീഷ്മവും വസന്തവും പോലെയുള്ള ഋതുവല്ലെങ്കിലും അതും അവയെപ്പോലെ മുടങ്ങാതെ വരുന്നതുകൊണ്ടാണ് ഈ കേരളം നിലനില്ക്കുന്നത്. പക്ഷേ അത് ശരിക്കും വരണമെങ്കിൽ മനുഷ്യൻ കൂടി സഹകരിക്കണം. നമ്മുടെ കിഴക്കൻമലകളിലെ വനങ്ങളാണ് കാലവർഷക്കാറുകളെ തടഞ്ഞുനിർത്തി ഇവിടെ ഇങ്ങനെ മഴപെയ്യാൻ സഹായിക്കുന്നത്. വിലപ്പെട്ട ഈ വനമെല്ലാം ദുരാഗ്രഹിയായ മനുഷ്യൻ അതിശീഘ്രം വെട്ടിനശിപ്പിക്കുകയാണ്. ഈ മഹാദ്രോഹം ഇങ്ങനെ ചോദിക്കാൻ ആളില്ലാതെ തുടർന്നുപോയാൽ മഴകുറയും. ഉഷ്ണം പെരുകുമുണ്ടാകും, വരൾച്ചയും മറ്റു സംസ്ഥാനങ്ങളിലെപ്പോലെ കഠിനമായിത്തീരും. ഈ ആപത്തുകൾ മനസ്സിലാക്കി നമ്മുടെ ജനങ്ങൾ വിവേകപൂർവ്വം പെരുമാറുവാൻ ഇടയാകട്ടെ എന്നു പ്രാർത്ഥിക്കാം.







Digitized by Kerala Sahitya Akademi